"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിൽ ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം 1958 പ്രകാരം ശ്രീ.എം.സി.ജേക്കബ് മഴുവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞ് സർക്കാർ പുറമ്പോക്കാക്കി മാറ്റിയ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിലെ സർവ്വെ നമ്പർ 1/1-ൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 2 4 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.212/2024/RD തീയതി,തിരുവനന്തപുരം, 01-11-2024

---

പരാമർശം:-

1. ദേവികുളം സബ്കളക്ടറുടെ 17.01.2017 ലെ ബി4-2834/2014 നം നടപടിക്രമം.
2. ദേവികുളം സബ്കളക്ടറുടെ 13.08.2019 ലെ RDODVM/425/2019-B4 നം നടപടിക്രമം.
3. ശ്രീ.എം.സി.ജേക്കബ്ബിന്റെ 22.08.2019 ലെ അപേക്ഷ.
4. ദേവികുളം സബ്കളക്ടറുടെ 20.02.2021-ലെ RDODVM/425/2019-B4 നം കത്ത്.
5. ഇടുക്കി ജില്ലാ കളക്ടറുടെ 24/07/2022 -ലെ DCIDK/111/2021/C1 നം കത്ത്
6. ലാന്റ് റവന്യൂ കമ്മീഷണറുടെ 04/08/2023 ലെ LR-8547/2023/LRK5/K.Dis. നം കത്ത്.

**ഉത്തരവ്**

ഇരട്ടയാർ വില്ലേജിലെ മഴുവൻചേരിൽ ശ്രീ.എം.സി.ജേക്കബ് എന്നയാളുടെ കൈവശാനുഭവത്തിലും കരം തീരുവയിലുള്ളതും സർവ്വെ നമ്പർ 1/1-ൽ പ്പെട്ടതുമായ 0.1596 ഹെക്ടർ ഭൂമിയിൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി ടിയാൻ വിട്ടൊഴിഞ്ഞിരുന്നു. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ദേവികുളം സബ് കളക്ടർ പ്രസ്തുത ഭൂമി പരാമർശം (1) പ്രകാരം സർക്കാരിലേയ്ക്ക് കൈവശപ്പെടുത്തി റവന്യൂ രേഖകളിൽ മതിയായ മാറ്റങ്ങൾ വരുത്തിയിരുന്നു. തുടർന്ന് ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തിരം

കെട്ടിട നിർമ്മാണത്തിനായുള്ള ഭൗതിക സാഹചര്യം പരിശോധിച്ചതിൽ ടി ഭൂമി കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തുകയും കുത്തനെ ചരിവുള്ള പ്രദേശമായതിനാൽ സംരക്ഷണ ഭിത്തി നിർമ്മിയ്ക്കാതെ കെട്ടിട നിർമ്മാണം സാധ്യമല്ലായെന്ന് ബോദ്ധ്യപ്പെടുകയുമുണ്ടായി. ടി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഭാരിച്ച തുക ചിലവ് വരുന്നതിനാൽ ടി സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുവാനുള്ള പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. തുടർന്ന് കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം സെന്റ് തോമസ് പള്ളി വക ഭൂമി വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി വിട്ടൊഴിയുകയും പരാമർശം (2) പ്രകാരം ടി ഭൂമി ഏറ്റെടുത്ത് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും നിർമ്മാണം പൂർത്തിയാക്കി 30.09.2021-ൽ ഉദ്ഘാടനം നടത്തുകയും ടി കെട്ടിടത്തിൽ ഇരട്ടയാർ വില്ലേജ് ഓഫീസ് പ്രവർത്തിച്ച് വരികയും ചെയ്യുന്നു.

2. വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി ശ്രീ.എം.സി.ജേക്കബ് വിട്ടു നൽകിയ ഭൂമിയിൽ വില്ലേജ് ഓഫീസ് നിർമ്മിക്കാത്തതിനാൽ ടി ഭൂമി തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം(3) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

3. അപേക്ഷാ വസ്തു കട്ടപ്പന SRO -യിലെ 3500/2004 നമ്പർ ആധാരപ്രകാരം ശ്രീ എം.സി.ജേക്കബ് തീറുവാങ്ങിയ ഭൂമിയാണെന്നും ആധാരം, തണ്ടപ്പേർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടി വസ്തുവിന്റെ ഉടമസ്ഥത ശ്രീ.എം.സി.ജേക്കബിന്റെ പേരിൽ മാത്രമാണെന്നും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേവികുളം ആർ ഡി ഒ-യുടെ പരാമർശം (1) ഉത്തരവ് പ്രകാരവും ഉടുമ്പൻചോല തഹസിൽദാറുടെ 27/01/2017 ലെ ജി3/12240/14 നമ്പർ ഉത്തരവ് പ്രകാരവും ടി 0.0405 ഹെക്ടർ സ്ഥലം തണ്ടപ്പേരിൽ കുറവ് ചെയ്യുകയും വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിലേക്കായി ടി സ്ഥലം സർക്കാർ പുറമ്പോക്കിലേക്ക് മാറ്റിയിട്ടുള്ളതുമാണെന്നും ടി സ്ഥലം നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ച് സർക്കാർ ഭൂമിയായി സംരക്ഷിച്ച് പോരുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമി ഇരട്ടയാർ വില്ലേജാഫീസ് നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിലും മറ്റൊരു ഭൂമി കണ്ടെത്തി ഇരട്ടയാർ വില്ലേജാഫീസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാലും മറ്റ് സർക്കാർ ആവശ്യങ്ങൾക്ക് ടി ഭൂമി അനുയോജ്യമല്ലായെന്നതും കണക്കിലെടുത്ത് അപേക്ഷകൻ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞ് നൽകിയ ഭൂമി ടിയാൾക്ക് തിരികെ നൽകാവുന്നതാണെന്ന് ദേവികുളം സബ് കളക്ടറും ഇടുക്കി ജില്ലാ കളക്ടറും പരാമർശം(4), (5) പ്രകാരം ശിപാർശ

ചെയ്തിട്ടുണ്ട്.

4. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം പൊതുതാൽപര്യാർത്ഥം പരിഗണിക്കേണ്ട ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം സർക്കാരിന് ആയതിനുള്ള ക്ഷമതയുണ്ടായിരിക്കുമെന്ന് വിവക്ഷിച്ചിരിക്കുന്നതിനാലും, Government Employees Recreation Club vs. State of Kerala and Others എന്ന ഹർജിയിന്മേലുള്ള വിധിന്യായത്തിൽ ചട്ടം 24 പ്രകാരമുള്ള പൊതുതാൽപര്യമെന്നാൽ എല്ലാ ആവശ്യങ്ങളും മാത്രമല്ല മറിച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് പൊതുവെ ഉപകാരങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഉദ്ദേശ്യങ്ങൾ കൂടിയാണ് എന്ന് നിരീക്ഷിച്ചിരിക്കുന്നതിനാലും ശ്രീ.എം.സി.ജേക്കബ് സർക്കാരിലേക്ക് വിട്ട് നൽകിയ ഭൂമി ടിയാൾക്ക് തിരികെ നൽകാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണറും പരാമർശം(6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5. 1958ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ലഭ്യമായ ഭൂമി സർക്കാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിലോ ചട്ടങ്ങളിലോ ഒരിക്കൽ വിട്ടൊഴിഞ്ഞ ഭൂമി വിട്ടൊഴിഞ്ഞ് നൽകിയ കക്ഷിക്ക് തിരികെ നൽകുന്നതിന് വ്യവസ്ഥയില്ലാത്തതാണ്. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമത്തിലെ വകുപ്പ് 2 നിർവചനങ്ങൾ 2 (ബി)യിൽ 'വിട്ടൊഴിഞ്ഞ് കൊടുക്കൽ' എന്നാൽ രജിസ്റ്റേഡ് കൈവശക്കാരന്റെ കൈവശത്തിലുള്ള ഏതെങ്കിലും ഭൂമിയുടെ സംഗതിയിൽ ആ ഭൂമിയിന്മേൽ രജിസ്റ്റേഡ് കൈവശക്കാരൻ തനിക്കുള്ള എല്ലാ അവകാശങ്ങളും വിട്ടൊഴിഞ്ഞ് കൊടുക്കൽ എന്ന് വിവക്ഷിച്ചിട്ടുണ്ട്, വകുപ്പ് 4(സി) പ്രകാരം വിട്ടൊഴിഞ്ഞ് കൊടുത്ത ഭൂമി സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ശ്രീ.എം.സി.ജേക്കബ് മഴവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞതും സർക്കാർ പുറമ്പോക്കാക്കി മാറ്റിയതുമായ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിലെ സർവ്വെ നമ്പർ 1/1-ൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ ഇടുക്കി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)/(ആഡിറ്റ്),തിരുവനന്തപുരം
ജില്ലാ കളക്ടർ,ഇടുക്കി
ശ്രീ.എ.സി.ജേക്കബ്ബ്, മുഴവൻചേരിൽ, ഇരട്ടയാർ.പി.ഒ, ഇരട്ടയാർ, ഇടുക്കി
സബ്കളക്ടർ, ദേവികുളം
നിയമ വകുപ്പ്(16103/ഉപദേശ-ജി2/2021/നിയമം പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.നം.2477, തീയതി 30.10.2024)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ(എ2/80/2021/റവ)

ഉത്തരവിൻ പ്രകാരം
Signed by
Sandhya S
Date: 02-11-2024 13:46:33

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 30-10-2024**

ഫയൽ നം. എ2/80/2021/റവ. ഇനം നം: 2477

വിഷയം : റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിൽ ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം 1958 പ്രകാരം ശ്രീ. എം.സി.ജേക്കബ് മഴുവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞതും സർക്കാർ പുറമ്പോക്കായി മാറ്റിയതുമായ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിലെ സർവ്വെ നമ്പർ 1/1-ൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly
ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

TR 30/10

2477

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : എ 2/80/2021/റവ. |
| 2. | വകുപ്പ് | : റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : ഇടുക്കി ജില്ലയിൽ ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം 1958 പ്രകാരം ശ്രീ.എം.സി.ജേക്കബ് മഴുവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞതും സർക്കാർ പുറമ്പോക്കാക്കി മാറ്റിയതുമായ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിലെ സർവ്വെ നമ്പർ 1/1ൽ പ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ചു നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 08/07/2024 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : ഇല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്, നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.സ്നേഹലത.കെ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 10/10/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 23/10/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 27/10/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 29/10/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ജില്ലയിൽ ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം 1958 പ്രകാരം ശ്രീ.എം.സി.ജേക്കബ് മഴുവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞതും സർക്കാർ പുറമ്പോക്കാക്കി മാറ്റിയതുമായ ഇടുക്കി ജില്ലയിലെ, ഉടുമ്പൻചോല താലൂക്കിലെ, ഇരട്ടയാർ വില്ലേജിലെ സർവ്വെ നമ്പർ 1/1 ൽ പ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ച നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. ഇരട്ടയാർ വില്ലേജിലെ ശ്രീ.എം.സി.ജേക്കബ് മഴുവൻചേരിൽ എന്നയാളുടെ കൈവശാനുഭവത്തിലും കരം തീരുവയിലുള്ളതും സർവ്വെ നമ്പർ 1/1 ൽപ്പെട്ടതുമായ 0.1596 ഹെക്ടർ ഭൂമിയിൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി ടിയാൻ വിട്ടൊഴിഞ്ഞിരുന്നു. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ദേവികുളം സബ് കളക്ടർ പ്രസ്തുത ഭൂമി 17.01.2017-ൽ സർക്കാരിലേയ്ക്ക് കൈവശപ്പെടുത്തി റവന്യൂ രേഖകളിൽ മതിയായ മാറ്റങ്ങൾ വരുത്തിയിരുന്നു. തുടർന്ന് ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തിരം കെട്ടിട നിർമ്മാണത്തിനായുള്ള ഭൗതിക സാഹചര്യം പരിശോധിച്ചതിൽ ടി ഭൂമി കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തുകയും ചെയ്തു. കുത്തനെ ചരിവുള്ള പ്രദേശമായതിനാൽ സംരക്ഷണ ഭിത്തി നിർമ്മിക്കാതെ കെട്ടിട നിർമ്മാണം സാധ്യമല്ലായെന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ടി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഭാരിച്ച തുക ചിലവു വരുന്നതിനാൽ ടി സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുവാനുള്ള പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. തുടർന്ന് കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം സെന്റ് തോമസ് പള്ളി വക ഭൂമി വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി വിട്ടൊഴിയുകയും 13.08.2019-ൽ ടി ഭൂമി ഏറ്റെടുത്ത് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും നിർമ്മാണം പൂർത്തിയാക്കി 30.09.2021-ൽ ഉദ്ഘാടനം നടത്തുകയും ടി കെട്ടിടത്തിൽ ഇരട്ടയാർ വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

3. വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി ടിയാൻ വിട്ടു നൽകിയ ഭൂമിയിൽ വില്ലേജ് ഓഫീസ് നിർമ്മിക്കാത്തതിനാൽ ടി ഭൂമി തിരികെ നൽകണമെന്ന് ശ്രീ.എം.സി.ജേക്കബ് അപേക്ഷിച്ചിരുന്നു. അപേക്ഷാ വസ്തു കട്ടപ്പന SRO യിലെ 3500/2004 നമ്പർ ആധാരപ്രകാരം ശ്രീ എം.സി.ജേക്കബ് തീറുവാങ്ങിയ ഭൂമിയാണെന്നും ആധാരം, തണ്ടപ്പേർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടി വസ്തുവിന്റെ ഉടമസ്ഥത ശ്രീ.എം.സി.ജേക്കബിന്റെ പേരിൽ മാത്രമാണെന്നും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേവികുളം ആർ ഡി ഒ- യുടെ 17/01/2017 തീയതിയിലെ ബി4/2834/2014 നം. ഉത്തരവ് പ്രകാരവും ഉടുമ്പൻചോല തഹസിൽദാറുടെ 27/01/2017 ലെ ജി3/12240/14 നം. ഉത്തരവ് പ്രകാരവും ടി 2530 തണ്ടപ്പേരിൽ നിന്നും 0.0405 ഹെക്ടർ സ്ഥലം തണ്ടപ്പേരിൽ കുറവ് ചെയ്യുകയും വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിലേക്കായി ടി സ്ഥലം സർക്കാർ പുറമ്പോക്കിലേക്ക് മാറ്റിയിട്ടുള്ളതുമാണെന്നും ടി സ്ഥലം നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ച് സർക്കാർ ഭൂമിയായി സംരക്ഷിച്ചു പോരുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമി ഇരട്ടയാർ വില്ലേജാഫീസ് നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിലും മറ്റൊരു ഭൂമി കണ്ടെത്തി ഇരട്ടയാർ വില്ലേജാഫീസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാലും മറ്റ് സർക്കാർ ആവശ്യങ്ങൾക്ക് ടി ഭൂമി അനുയോജ്യമല്ലായെന്നതും കണക്കിലെടുത്ത് അപേക്ഷകൻ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞ് നൽകിയ ഭൂമി ടിയാൾക്ക് തിരികെ നൽകാവുന്നതാണെന്ന് ദേവികുളം സബ് കളക്ടറും ഇടുക്കി ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുണ്ട്.

4. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം പൊതുതാൽപ്പര്യാർത്ഥം പരിഗണിക്കേണ്ട ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം സർക്കാരിന് ആയതിനുള്ള ക്ഷമതയുണ്ടായിരിക്കുമെന്ന് വിവക്ഷിച്ചിരിക്കുന്നതിനാലും, Government Employees Recreation Club vs. State of Kerala and Others എന്ന ഹർജിയിന്മേലുള്ള വിധിന്യായത്തിൽ ചട്ടം 24 പ്രകാരമുള്ള പൊതുതാൽപ്പര്യമെന്നാൽ എല്ലാ ആവശ്യങ്ങളും മാത്രമല്ല മറിച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് പൊതുവെ ഉപകാരങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഉദ്ദേശ്യങ്ങൾ കൂടിയാണ് എന്ന് നിരീക്ഷിച്ചിരിക്കുന്നതിനാലും ശ്രീ.എം.സി.ജേക്കബ് സർക്കാരിലേക്ക് വിട്ട് നൽകിയ ഭൂമി ടിയാൾക്ക് തിരികെ നൽകാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണറും ശിപാർശ ചെയ്തിട്ടുണ്ട്.

5. 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ലഭ്യമായ ഭൂമി സർക്കാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിലോ ചട്ടങ്ങളിലോ ഒരിക്കൽ വിട്ടൊഴിഞ്ഞ ഭൂമി വിട്ടൊഴിഞ്ഞ് നൽകിയ കക്ഷിക്ക് തിരികെ നൽകുന്നതിന് വ്യവസ്ഥയില്ലാത്തതാണ്. 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമത്തിലെ വകുപ്പ് 2 നിർവചനങ്ങൾ 2 (ബി)യിൽ 'വിട്ടൊഴിഞ്ഞ് കൊടുക്കൽ' എന്നാൽ രജിസ്റ്റേഡ് കൈവശക്കാരന്റെ കൈവശത്തിലുള്ള ഏതെങ്കിലും ഭൂമിയുടെ സംഗതിയിൽ ആ ഭൂമിയിന്മേൽ രജിസ്റ്റേഡ് കൈവശക്കാരൻ തനിക്കുള്ള എല്ലാ അവകാശങ്ങളും വിട്ടൊഴിഞ്ഞ് കൊടുക്കൽ എന്ന് വിവക്ഷിച്ചിട്ടുണ്ട്, വകുപ്പ് 4(സി) പ്രകാരം വിട്ടൊഴിഞ്ഞ് കൊടുത്ത ഭൂമി സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

6. ഈ വിഷയത്തിൽ നിയമ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

*"ഭൂവുടമകൾക്ക് സ്വന്തം ഭൂമി പ്രതിഫലം വാങ്ങാതെ നിരുപാധികം വിട്ടൊഴിയുന്നതിനും ഇപ്രകാരം വിട്ടൊഴിയുന്ന ഭൂമിയിൽ സർക്കാരിന് നിയമപരമായ അവകാശം സിദ്ധിക്കുന്നതിനും വേണ്ടി നടപ്പിലാക്കിയിട്ടുള്ള നിയമമാണ് 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ ആക്റ്റ്. പ്രസ്തുത ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞ ഭൂമി യാതൊരുവിധ ബാധ്യതകളിലും ഉൾപ്പെട്ടിരിക്കാൻ പാടില്ലാത്തതാണ്. ആക്റ്റിലെ വകുപ്പ് 4 (സി) പ്രകാരം സർക്കാരിലേയ്ക്ക് നിക്ഷിപ്തമാകുന്ന ഭൂമി പിൽക്കാലത്ത് ഉടമസ്ഥന് തിരികെ നൽകുന്നതിന് ആക്റ്റിലോ ചട്ടങ്ങളിലോ വ്യവസ്ഥയില്ലാത്തതാണ്. ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം സ്വകാര്യവ്യക്തികൾ വിട്ടൊഴിഞ്ഞു നൽകുന്ന ഭൂമി സർക്കാർ ഭൂമിയായി മാറ്റിയിട്ടുണ്ടെങ്കിൽ അവ പൊതു ആവശ്യത്തിന് നീക്കിവയ്ക്കുന്നതിനോ, ഭൂരഹിതരായവർക്ക് പതിച്ച് നൽകുന്നതിനോ വിനിയോഗിക്കാം.*

*1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം, ടി ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവൺമെന്റിന് പൊതുതാല്പര്യ പ്രകാരം അങ്ങനെ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് കാണുന്ന പക്ഷം ടി ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ പരിഗണിക്കാതെയും അതിനു ചുമത്താവുന്ന എതെങ്കിലും വ്യവസ്ഥകൾ ചുമത്തികൊണ്ടും ഭൂമി പതിച്ചു നൽകുന്നതിനുള്ള അധികാരമാണുള്ളത്. പൊതുതാൽപര്യമെന്നാൽ എല്ലാ ആവശ്യങ്ങളും മാത്രമല്ല മറിച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് പൊതുവെ ഉപകാരങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഉദ്ദേശ്യങ്ങൾ കൂടിയാണ് എന്നാണ് ബഹു.ഹൈക്കോടതി Government Employee Recreation Club v State of Kerala and Others 2009 (3) KHC 548 കേസിൽ വിധി പുറപ്പെടുവിച്ചത്. മേൽ സാഹചര്യത്തിൽ ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ശ്രീ.എം.സി.ജേക്കബിൽ നിന്നും ഭൂമി സ്വീകരിച്ച നടപടി പുന:പരിശോധിച്ചു കൊണ്ട്, ടിയാന് ഭൂമി തിരികെ നൽകുന്നതിന് പൊതുതാൽപര്യമുണ്ടെന്നു സർക്കാരിനു ബോദ്ധ്യമുള്ള പക്ഷം അപേക്ഷ പരിഗണിച്ച് Kerala Land Assignment Rules ലെ ചട്ടം 24 ലെ അധികാരമുപയോഗിച്ച് ഭൂമി മടക്കി നൽകാവുന്നതാണ്."*

7. ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ശ്രീ.എം.സി.ജേക്കബ് മഴവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞതും സർക്കാർ പുറമ്പോക്കാക്കി മാറ്റിയതുമായ 1/1 സർവ്വെ നമ്പരിൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ച് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഇടുക്കി ജില്ലയിൽ ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം 1958 പ്രകാരം ശ്രീ.എം.സി.ജേക്കബ് മഴവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞതും സർക്കാർ പുറമ്പോക്കാക്കി മാറ്റിയതുമായ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിലെ സർവ്വെ നമ്പർ 1/1ൽ പ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ച് നൽകാവുന്നതാണോ?